പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : **325**

14.03.2018 ൽ
മറുപടിക്ക്

## ജനമൈത്രി പോലീസ് സംവിധാനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. പി. ഉണ്ണി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) മർദ്ദന സംവിധാനത്തിലൂടെ ക്രമസമാധാനം ഉറപ്പുവരുത്തുകയെന്ന പഴയ രീതിയിൽ നിന്ന് വ്യത്യസ്തമായി അതാത് പ്രദേശത്തെ ജനങ്ങളുടെ പങ്കാളിത്തത്തോടെ സമാധാനം ഉറപ്പാക്കാനായി ആവിഷ്കരിച്ച ജനമൈത്രി പോലീസ് സംവിധാനം വിഭാവനം ചെയ്ത രീതിയിൽ പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടുണ്ടോ; | എ) പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തി അതിലൂടെ പൊതുജനങ്ങളുടെ തദ്ദേശീയമായ പ്രശ്നങ്ങളിൽ സമയോചിതമായ ഇടപെടലിനും അതിന്റെ ഫലമായി നിയമ – ക്രമസമാധാന ലംഘനങ്ങൾ, കുറ്റകൃത്യങ്ങൾ എന്നിവ മുൻകൂട്ടി തടയുന്നതിലും ജനമൈത്രി പോലീസ് സംവിധാനം വളരെ അധികം ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഇത് ക്രമസമാധാന പാലനത്തിനും കേസ്സന്വേഷണത്തിനും സമൂഹത്തിന്റെ സുരക്ഷയ്ക്കുമായി ഉപയോഗപ്പെടുത്തിയും ജനമൈത്രി പോലീസ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. |

| | |
|---|---|
| ബി) ജനമൈത്രി പോലീസ് സംവിധാനം എല്ലാ സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ബീറ്റ് ഓഫീസർമാർക്ക് പരിശീലനം സംഘടിപ്പിച്ചിട്ടുണ്ടോ; | ബി) സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളാണ്. ജനമൈത്രി പോലിസിംഗിന്റെ ഭാഗമായി മുഴുവൻ വീടുകളും സന്ദർശിക്കുന്നതിനുള്ള പദ്ധതിയും വീടുകളിൽ താമസിക്കുന്ന ജനങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിലൂടെ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും വേണ്ടിയുള്ള പരിശീലനം ബീറ്റ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. |
| സി) പോലീസ് സ്റ്റേഷനുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പരിമിതികൾ പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | സി) 2018-19 സാമ്പത്തിക വർഷത്തിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി മാത്രം 14.4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പരിമിതികൾ പരിഹരിക്കുന്നതിനും സ്റ്റേഷനുകളിൽ ആവശ്യാനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സ്റ്റേറ്റ് പ്ലാൻ, MoPF തുടങ്ങിയ വിഹിതം വിനിയോഗിച്ച് അടിയന്തിരമായി അറ്റകുറ്റപ്പണി/നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ